**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2765** — **14-02-2013-ലെ മറുപടിയ്ക്ക്**

## തൊഴിൽ വകുപ്പിന്റെ ഓൺലൈനിലാക്കുന്ന സേവനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി.ഉബൈദുള്ള: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി മാറ്റുന്ന നടപടി ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) **തൊഴിൽ വകുപ്പ്**<br><br>തൊഴിൽ വകുപ്പിന്റെ സേവനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കാനുള്ള നടപടികൾ തൊഴിൽ വകുപ്പ് പൂർത്തീകരിക്കുകയും അത് ഉദ്ഘാടനം ചെയ്ത് നടപ്പിൽവരുത്തിയിട്ടുള്ളതുമാണ്.<br><br>www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ/ രജിസ്ട്രേഷൻ പുതുക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.<br><br>**ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്**<br><br>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനമൊഴികെ ബാക്കിയുള്ള സേവനങ്ങളെല്ലാം ഓൺലൈനിൽ ആണ്. ഓൺലൈൻ സംവിധാനം കുടുതൽ മെച്ചപ്പെടുത്തുവാൻ വകുപ്പ് നടപടികൾ എടുത്തുവരുന്നു.<br><br>**വ്യാവസായിക പരിശീലന വകുപ്പ്**<br><br>വ്യാവസായിക പരിശീലന വകുപ്പിന്റെ സേവനം ഓൺലൈനിൽ നടത്തുന്നതിന് നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ Talent Automations നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br><br>**നാഷണൽ എംപ്ളോയ്മെന്റ് സർവ്വീസ്**<br><br>നിലവിൽ കമ്പ്യൂട്ടർവൽകൃത എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിച്ചുവരുന്ന NIC യുടെ ക്ളൈന്റ് സെർവർ ബേസ്ഡ് തൊഴിൽ സോഫ്റ്റ് വെയറിനു പകരം എവിടെ നിന്നും എപ്പോഴും അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻസേവനങ്ങൾ കൂടി സാദ്ധ്യമാകുന്ന NIC യുടെ തന്നെ വെബ് ബേസ്ഡ് സോഫ്റ്റ് വെയറായ CASE -ലേക്ക് മൈഗ്രേറ്റ് ചെയ്യുതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി സോഫ്റ്റ്വെയറിന്റെ ടെസ്റ്റിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. |

(ബി) ഏതെല്ലാം സേവനങ്ങളാണ് ഇത്തരത്തിൽ തൊഴിൽ വകുപ്പ് നൽകുന്നത്; വിശദമാക്കുമോ;

(ബി) :

**തൊഴിൽ വകുപ്പ്**

1) കടകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ/ പുതുക്കൽ
2) മോട്ടോർ തൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ
3) അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരമുള്ള ലൈസൻസും, രജിസ്ട്രേഷനും.
4) കോൺട്രാക്ട് ലേബർ രജിസ്ട്രേഷൻ/ ലൈസൻസ്
5) ചുമട്ടുതൊഴിലാളി രജിസ്ട്രേഷൻ
6) ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ

**ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്**

1) പ്ളാൻ അപ്രൂവലും പെർമിറ്റ് നൽകലും
2) ഫാക്ടറി രജിസ്ട്രേഷനും ലൈസൻസ് നൽകലും
3) കാലാവധി കഴിഞ്ഞ പെർമിറ്റിന്റെ റീ വാലിഡേഷൻ
4) ലൈസൻസ് പുതുക്കൽ

**വ്യാവസായിക പരിശീലന വകുപ്പ്**

വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ സേവനങ്ങളൊന്നും ഓൺലൈൻ വഴി ലഭ്യമല്ല.

**നാഷണൽ എംപ്ളോയ്മെന്റ് സർവ്വീസ്**

1) ഓൺലൈൻ രജിസ്ട്രേഷൻ
2) ഓൺലൈൻ റിന്യൂവൽ
3) ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ
4) മൊബൈൽ നമ്പർ/ഫോൺ നമ്പർ/ഇ-മെയിൽ എന്നിവയുടെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കുക.
5) രജിസ്ട്രേഷൻ കാർഡുകൾ ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ളോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയുക.
6) രജിസ്ട്രേഷൻ റിക്കാർഡിന്റെ പ്രിന്റ്ഔട്ട് എടുക്കുക
7) രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ്ഔട്ട് എടുക്കുക
8) നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയുക

9) ഉദ്യോഗദായകർക്കും ഓൺലൈൻ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ കഴിയും.

10) ഉദ്യോഗദായകർക്ക് ഓൺലൈനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കാൻ കഴിയും

11) അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവരം ഏവർക്കും കാണുവാൻ കഴിയും

12) എംപ്ളോയമെന്റ് മാർക്കറ്റ് ഇൻഫർമേഷൻ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും കഴിയും.

| | |
|---|---|
| (സി) ഇതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ? | (സി) വ്യാവസായിക പരിശീലന വകുപ്പിൽ ഒഴിച്ച് മറ്റ് എല്ലാ വകുപ്പുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ